ശ്രീ. പി. സി. രാഘവൻനായർ: റബ്ബർ പ്ലാന്റേഷനു് ലോൺ ഭൂപണയ ബാങ്കു് മുഖേനയാണു കൊടുക്കുന്നതു്. ഭൂപണയബാങ്കിലേക്കു അപേക്ഷിച്ചിട്ടുള്ളതായ നൂറുകണക്കിനു അപേക്ഷകരുടെ അപേക്ഷകൾ അവിടെ കെട്ടിക്കിടക്കുകയാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിക്കിടക്കുന്നതായ അപേക്ഷകളെല്ലാംതന്നെ തക്കതായ രേഖകളോടുകൂടി അപേക്ഷിച്ചിട്ടുള്ളതല്ല എന്നുള്ള അഭിപ്രായത്തിലാണോ ഗവണ്മെന്റു എത്തിയിട്ടുള്ളതു്?

ശ്രീ. ഈ. പി. പൗലോസു്: ഭൂപണയ ബാങ്കുകൾ മുഖാന്തിരം കൊടുക്കുന്നതു സഹകാര്യഭൂമിയുടമസ്ഥന്മാരാണു്. അതു ഗവണ്മെന്റിൽനിന്നു കൊടുക്കുന്നതല്ല. അതൊരു പ്രത്യേക വിഭാഗമാണു്. അതിൽ കുറെ താമസം ഭൂപണയ ബാങ്കുകളിൽ വന്നിട്ടുണ്ടു്. ഗവണ്മെന്റു ഈ ജോലി ത്വരിതപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്. കൂടുതൽ വേഗത്തിൽ ഈ അപേക്ഷകൾ തീരുമാനം ചെയ്യുന്നതു് സൗകര്യമായിരിക്കുമെന്നു ഗവണ്മെന്റിനു അഭിപ്രായമുണ്ടു്. പക്ഷേ സാധാരണ കടം കൊടുക്കുന്നതിനുള്ള എല്ലാ ഔപചാരികമായ അന്വേഷണങ്ങളും വിവരങ്ങളും ഈ ലോൺ കൊടുക്കുന്നതിനെ സംബന്ധിച്ചു് ആവശ്യമായതുകൊണ്ടു് കുറെ താമസം വരുന്നുണ്ടു്.

വില്ലേജു് കോടതി നിയമം.

* 843. [8] ശ്രീ. എം. നാരായണക്കുറുപ്പു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റു പാസാക്കിയ വില്ലേജു് കോടതി നിയമവും പണമിടപാടു നിയമവും നടപ്പാക്കാത്തതു് എന്തുകൊണ്ടു്;

(ബി) എന്നേക്കു് നടപ്പിലാക്കും?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) തിരഞ്ഞെടുക്കപ്പെട്ടപഞ്ചായത്തുകൾ നിലവിലില്ലാതിരുന്നതിനാൽ വില്ലേജുകോടതി നിയമം നടപ്പാക്കാൻ സാധിച്ചിട്ടില്ല. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ 1-1-1964 മുതൽ നിലവിൽ വന്നിട്ടുള്ളതുകൊണ്ടു് പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്. ചട്ടങ്ങൾ പൂർത്തിയായാൽ പണമിടപാടു നിയമം പ്രാബല്യത്തിൽ വരുന്നതാണു്.

(ബി) കഴിയുന്നത്ര വേഗത്തിൽ നടപ്പാക്കുന്നതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ പണമിടപാടു നിയമം ഉൗർജ്ജിതത്തിൽ കൊണ്ടുവരാൻവേണ്ടി മുന്നാലു കൊല്ലം മുൻപു് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതാണു്. അതിന്റെ എന്തെങ്കിലും നടപടി മുമ്പോട്ടു പോയിട്ടുണ്ടോ; ബാങ്കു് ഉടമകളുടെ സമ്മർദ്ദംകൊണ്ടാണു് ഇതു നടപ്പിലാക്കാത്തതെന്നു പറയുന്നതു ശരിയാണോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതു ശരിയല്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: 1958-ൽ ഈ നിയമം പാസായിട്ടുള്ളതാണു്. ആറു കൊല്ലമായിട്ടും പണമിടപാടു നിയമത്തിന്റെ ചട്ടങ്ങൾ തയ്യാറായിട്ടില്ലെന്നു പറയുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇതിന്റെ ചട്ടങ്ങളുണ്ടാക്കുന്നതിനു കാലതാമസം നേരിട്ടതു് അതിനെ സംബന്ധിച്ചു് വീണ്ടും വീണ്ടും പല നിവേദനങ്ങളും വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതുകൊണ്ടാണു്. കഴിയുന്നത്ര വേഗത്തിൽ അതു നടപ്പാക്കാം.

ശ്രീ. പി. കെ. അബ്ദുൽഖാദർ: വില്ലേജു് കോടതി നിയമം പാസാക്കിയിട്ടു് എത്ര വർഷമായി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : 1961-ലാണ് അതു പാസാക്കിയതു്

ശ്രീ. എം. സി എബ്രഹാം : ഒരു പഞ്ചായത്തിൽ ഒരു കോടതി എന്നുള്ള തത്വം സ്വീകരിച്ചു നടപ്പാക്കുന്ന കാര്യം ഗവണ്മെന്റു് പര്യാലോചിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : അതും ഗവണ്മെന്റിന്റെ പരിഗണനയിലുണ്ടു്.

ശ്രീ. പി. കെ. നാരായണൻനമ്പ്യാർ : മലബാർ പ്രദേശത്തു് മദ്രാസു് പഞ്ചായത്തു് ആക്റ്റു് റദ്ദു് ചെയ്തതോടുകൂടി അന്നു നിലവിലുണ്ടായിരുന്ന പഞ്ചായത്തുകളെല്ലാം പിരിച്ചുവിട്ടിരിക്കുകയാണു് ചെയ്തിരിക്കുന്നതു്. അവിടെയുണ്ടായിരുന്ന കേസുകളെല്ലാം തന്നെ വിചാരണ ചെയ്യാതെ ഇരിക്കുകയാണു്. അതേസംബന്ധിച്ചു് ഗവണ്മെന്റു് വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ഉണ്ടു്. ആ കേസുകളെല്ലാം വിചാരണ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു് കഴിഞ്ഞിട്ടുണ്ടു്.

നെൽകൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

* 844. [9] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാക്കേജു് പരിപാടിയുടെ മോഡലിൽ നെൽകൃഷി വികസിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി ഗവണ്മെന്റു് ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്തു് ;

(സി) ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) ഉണ്ടു്. പാക്കേജു് പദ്ധതിയുടെ മാതൃകയിൽതന്നെ നെൽകൃഷി വികസനത്തിനായി ഒരു തീവ്രയത്നപരിപാടി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

(ബി) നെൽകൃഷിക്കു് ഏറ്റവും അനുയോജ്യമായ സ്ഥലങ്ങളിൽ ആധുനികരീതിയിലുള്ള കൃഷി സമ്പ്രദായം നടപ്പിലാക്കുകയും, തദ്വാരാ നെല്ലിന്റെ ഉല്പാദനം ഇപ്പോഴുള്ളതിൽനിന്നും 25—30 ശതമാനംകൂടി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണു് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പദ്ധതിയുടെ വിജയത്തിനുവേണ്ടി സാമ്പത്തികവും സാങ്കേതികവുമായ സഹായം കൃഷിക്കാർക്കു് കിട്ടുന്നതാണു്.

(സി) ഉണ്ടു്.

(ഡി) എറണാകുളം, തൃശ്ശൂർ, കോഴിക്കോടു് ഈ ജില്ലകളിൽ അഞ്ചു ബ്ലോക്കുകൾവീതവും, തിരുവനന്തപുരം, കൊല്ലം, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ ബ്ലോക്കു് വീതവും ഈ കൃഷി പദ്ധതിക്കുവേണ്ടി തിരഞ്ഞെടുത്തിട്ടുണ്ടു്. ഈ ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളുടെ ലിസ്റ്റു് താഴെ ചേർക്കുന്നു.

ജില്ല		ബ്ലോക്കു്
എറണാകുളം	—	(1) മുവാറ്റുപുഴ
		(2) അങ്കമാലി
		(3) കളംതുരുത്തി
		(4) കോതമംഗലം
		(5) ആലങ്ങാടു്
തൃശ്ശൂർ	—	(6) ഒല്ലൂക്കര
		(7) പാലക്കാടി
		(8) വടക്കാഞ്ചേരി
		(9) പഴയന്നൂർ
		(10) അന്തിക്കാടു്

LIBRARY ARCHIVES Kerala Legislative Assembly